# മറയൂർ ശർക്കരയ്ക്ക് ഭൂപ്രദേശസൂചികാ പദവി ലഭ്യമാക്കാൻ കാർഷിക സർവകലാശാല

**തൃശ്ശൂർ ▸** മറയൂർ ശർക്കരയ്ക്ക് ഭൂപ്രദേശസൂചികാപദവി ലഭ്യമാക്കാനുള്ള ശ്രമം അവസാനഘട്ടത്തിലേക്ക്. ഇതിനുള്ള അപേക്ഷ എത്രയും പെട്ടെന്ന് സമർപ്പിക്കാൻ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ കാർഷിക സർവകലാശാലയിൽ ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചു.

ജനുവരി നാലിന് കരിമ്പുകർഷകരുടെയും ശർക്കര ഉത്പാദകരുടെയും സംഗമം നടത്താനും അതിനുശേഷം ഭൂപ്രദേശസൂചികയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനും തീരുമാനമായി. കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, ഗവേഷണ ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി, ബൗദ്ധികസ്വത്തവകാശ സെൽ കോ-ഓർഡിനേറ്റർ ഡോ. സി.ആർ. എൽസി, മറയൂർ കർഷകപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

2016 ഡിസംബർ 29-ന് കാത്തല്ലൂരിൽ സംഘടിപ്പിച്ച ശില്പശാലയിലാണ് മറയൂർ ശർക്കരയ്ക്ക് ഭൂപ്രദേശസൂചികാപദവി ലഭ്യമാക്കണമെന്ന നിർദേശം ഉയർന്നത്. ശില്പശാല ഉദ്ഘാടനം ചെയ്ത കൃഷിമന്ത്രിയുടെ നിർദേശാനുസരണം കാർഷിക സർവകലാശാല ഇതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തു.

പൊക്കാളി, ജീരകശാല, ഗന്ധ കശാല എന്നീ അരി ഇനങ്ങൾ, ചെങ്ങാലിക്കോടൻ നേന്ത്രൻ, വാഴക്കുളം പൈനാപ്പിൾ തുടങ്ങിയവയ്ക്ക് ഭൂപ്രദേശസൂചികാപദവി ലഭ്യമാക്കിയതും കാർഷിക സർവകലാശാലാ ബൗദ്ധികസ്വത്തവകാശ സെൽ ആയിരുന്നു.

Mathrubhumi 29.12.17